കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ജൂലായ് 14, തിങ്കൾ

വാല്യം 119] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ: 19

നിയമസഭ 2003 ജൂലായ് മാസം 14-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ...ഓർഡർ ..... ചോദ്യം നമ്പർ 500

ഗ്രാമീണ ഭവന നിർമ്മാണ പദ്ധതികൾ

1 (*500) ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം ഗ്രാമീണ ഭവന നിർമ്മാണ പദ്ധതികൾ ഇപ്പോൾ നിലവിലുണ്ട് ;

(ബി) വില്ലേജ് ഹൗസിംഗ് സ്കീം, റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം എന്നീ ഭവന നിർമ്മാണ പദ്ധതികളനുസരിച്ച് ഏതെല്ലാം ഗണത്തിൽപ്പെട്ടവർക്ക് വീടുവയ്ക്കുന്നതിനുള്ള വായ്പ ലഭിക്കും ;

(സി) എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് ഈ വായ്പ നൽകുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ,

(എ) റവന്യൂ വകുപ്പും ഭവന നിർമ്മാണ വകുപ്പും വഴി നടപ്പിലാക്കുന്ന ഗ്രാമീണ ഭവന നിർമ്മാണ പദ്ധതികൾ ഒന്നുംതന്നെ ഇപ്പോൾ നിലവിലില്ല. എന്നാൽ ഗ്രാമീണ വികസന വകുപ്പ് മുഖേന കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ 'ഇന്ദിരാ ആവാസ് യോജന' എന്ന ഗ്രാമീണ ഭവന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി & സി) യഥാക്രമം 1959-1962, 1979-1981 എന്നീ കാലഘട്ടങ്ങളിൽ തുടങ്ങിയ ഈ രണ്ട് പദ്ധതികളും ഇപ്പോൾ നിലവിലില്ലാത്തതിനാൽ വായ്പ നൽകുന്നില്ല. സ്വന്തമായി ഭൂമിയുള്ളവരും 4000 രൂപയിൽ കവിഞ്ഞ വാർഷിക വരുമാനവുമുള്ള ഗ്രാമീണ തൊഴിലാളികൾക്ക് റൂറൽ വർക്കേഴ്സ് ഹൗസിംഗ് സ്കീം പ്രകാരം വായപ നൽകിയിരുന്നു. വീടിന്റെ എസ്റ്റിമേറ്റ് 8000 രൂപയിൽ കവിയുന്ന അപേക്ഷകർക്ക് ഗ്രാമീണ തൊഴിൽ ഭവന പദ്ധതിയിൽ ധനസഹായം നൽകിയിരുന്നില്ല. കൂടാതെ വായ്പ ലഭിച്ച് ഒരു വർഷത്തിനുള്ളിൽ വീട് പൂർത്തിയാക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. വില്ലേജ് ഹൗസിംഗ് സ്കീം പ്രകാരമുള്ള വായ്പ വാർഷിക വരുമാനം 2500 രൂപയിൽ കവിയാത്തവർക്കാണ് തുടക്കത്തിൽ നൽകിവന്നിരുന്നത്.

ശ്രീ. വർക്കല കഹാർ : സർ, ഗ്രാമീണ ഭവന നിർമ്മാണ പദ്ധതിയിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെ നിൽക്കുന്നവരാണ് ആ പരിധിയിൽ വരുന്നത്. എ.പി.എൽ. വിഭാഗത്തിലുള്ള ഒരാൾ ഗൾഫിലാണെങ്കിൽ അവിടെ ചിലപ്പോൾ അയാൾ ജയിലിലായിരിക്കും സാമ്പത്തികമായി വലിയ പരാധീനതയുള്ള കുടുംബമായിരിക്കും. അത്തരത്തിൽ ഗുരുതര സ്ഥിതിയുള്ളവർ എ.പി.എൽ. വിഭാഗത്തിൽത്തന്നെയുണ്ട്. അവരെക്കൂടി ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുമോ ?

ശ്രീ. കെ. എം. മാണി : സർ, ഈ പദ്ധതി ഇപ്പോൾ നിലവിലില്ല. ഫർദർ കണ്ടിന്യൂൻസ് റെലവന്റ് അല്ല എന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. വർക്കല കഹാർ : സർ, ഭവന നിർമ്മാണ പദ്ധതിയിൽ കേന്ദ്ര ഗവൺമെന്റ് ഫണ്ടിൽനിന്നും റോഡ് നിർമ്മാണത്തിന് ലഭിക്കേണ്ട 250 കോടി രൂപയിൽ 20 കോടി രൂപയേ കിട്ടിയുള്ളുവെന്ന് കഴിഞ്ഞ തവണ ഇവിടെ പറഞ്ഞു, അതുപോലെ ഭവന നിർമ്മാണ പദ്ധതികൾക്ക് പത്രങ്ങളിൽ കാണുന്ന പ്രഖ്യാപനംപോലെ കേന്ദ്രത്തിൽനിന്നു ലഭിക്കാവുന്ന വിഹിതം നമുക്ക് ലഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ലഭിക്കാത്തത് എന്തുകൊണ്ട് ?

ശ്രീ. കെ. എം. മാണി : സർ, ഞാൻ ഒരു ഉദാഹരണം പറയാം, ഇന്ദിരാ ആവാസ് യോജനയ്ക്ക് 75 ശതമാനം കേന്ദ്ര വിഹിതവും 25 ശതമാനം സ്റ്റേറ്റ് വിഹിതവും കേന്ദ്രത്തിൽനിന്ന് കിട്ടാനുള്ളത് ഇൻസ്റ്റാൾമെന്റായി നമുക്ക് കിട്ടിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരിക്കുന്നത്, ഈ സ്കീം തന്നെ നിർത്തലാക്കുവാൻ പോകുന്നു എന്നാണ്. ഇന്ദിരാ ആവാസ് യോജന പദ്ധതിപ്രകാരം കടം എടുത്ത് വീടുവച്ചിട്ടുള്ളത് വളരെ പാവപ്പെട്ടവരാണ്. അവർ പണം തിരിച്ചടയ്ക്കുവാൻ കഴിയാതെ റവന്യൂ റിക്കവറിയും അതുമായി ബന്ധപ്പെട്ട നടപടികളുമായി നിൽക്കുകയാണ്. വൺ ടൈം സെറ്റിൽമെന്റിലൂടെ കടം ഒഴിവാക്കുവാൻ എന്തെങ്കിലും നടപടി ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. എം. മാണി : സർ, അത് പ്രധാനപ്പെട്ട ഒരു ചോദ്യമാണ്. ഈ രണ്ടു സ്കീമിൽക്കൂടി എട്ടരക്കോടി രൂപ ഇപ്പോൾ പിരിഞ്ഞുകിട്ടാനുണ്ട്. പിരിഞ്ഞ് കിട്ടിയത് വില്ലേജ് ഹൗസിംഗ് സ്കീമിൽ 54,66,221 രൂപയും റൂറൽ വർക്കേഴ്സ് സ്കീമിൽ 34,50,984 രൂപയും ആണ്. മൊത്തം 89 ലക്ഷത്തിൽപ്പരം രൂപ പിരിഞ്ഞുകിട്ടി. ബാക്കി എട്ടരക്കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. ഇപ്പോൾ രണ്ട് സഹായങ്ങൾ ഗവൺമെന്റ് ചെയ്തിട്ടുണ്ട്. 17.6.2002-ൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചു. വൺ ടൈം സെന്റിൽമെന്റിലൂടെ പലിശയും പെനാലിറ്റി ഇന്ററസ്റ്റും കുറയ്ക്കാം. 31.8.2002 വരെ ആദ്യത്തെ ജി.ഒ. പ്രകാരം സമയം നൽകി. ഇപ്പോൾ 26.5.2003-ൽ വീണ്ടും ഒരു ജി.ഒ. പുറപ്പെടുവിച്ചിട്ടുണ്ട്. സമയം 31.7.2003 വരെ നീട്ടിയിട്ടുണ്ട്. ഈ ജൂലായ് മാസം 31-ാം തീയതിക്ക് മുമ്പ് അടയ്ക്കുന്നവർക്ക് പലിശയും പിഴപലിശയും ഒഴിവാക്കി കൊടുക്കുന്നതാണ്.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചത് ഈ പദ്ധതിതന്നെ നിർത്തലാക്കുവാൻ പോകുന്നുവെന്നാണ്. വളരെ പാവപ്പെട്ടവരെ ഉദ്ദേശിച്ചുകൊണ്ട് നടപ്പാക്കിയ പദ്ധതിയാണിത്. റൂറൽ ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെടുത്തി തത്തുല്യമായ ഏതെങ്കിലും ഒരു പദ്ധതി ഹൗസിംഗ് ബോർഡുമായി അഫിലിയേറ്റ് ചെയ്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. എം. മാണി : സർ, ഇന്ദിരാ ആവാസ് യോജന തന്നെയാണ് ഏറ്റവും ബനിഫിഷ്യറിയായിട്ടുള്ള പദ്ധതി. 42,000 രൂപവരെ ഷെഡ്യൂൾഡ് കാസ്റ്റ്/ ഷെഡ്യൂൾഡ് ട്രൈബിനും 35,000 രൂപവരെ ഷെഡ്യൂൾഡ് കാസ്റ്റ് അല്ലാത്ത ഇതര വിഭാഗത്തിൽപ്പെട്ടവർക്കും സൗജന്യമായി കൊടുക്കുകയാണ്. അതാണ് ഏറ്റവും നല്ല പദ്ധതിയായി നിലനിൽക്കുന്നത്. അത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കാണ്. അതിന്റെ പ്രയോജനം എല്ലാ ആളുകൾക്കും കൊടുക്കുവാൻവേണ്ടി ഓർഗനൈസ്ഡ് ആയിട്ട് മൂവ് ചെയ്യുകയാണെങ്കിൽ ഏറ്റവും ബെസ്റ്റായിട്ടുള്ള പ്രോഗ്രാമാണ്. അത് ഗ്രാമീണ വികസന വകുപ്പിൽനിന്ന് നടപ്പാക്കുന്ന പദ്ധതിയാണ്.

ശ്രീ. എൻ. ശക്തൻ : സർ, നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ടവർക്ക് ഇടയിലുള്ള ഏറ്റവും വലിയ പ്രശ്നമാണ് ഭവനം ഇല്ലായ്മ. ബി.പി.എൽ. വിഭാഗത്തിൽ വരുന്ന ഗ്രാമീണ മേഖലയിലെ ഏറ്റവും പാവപ്പെട്ട ഭവനം ഇല്ലാത്തവരുടെ സർവ്വേ എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കണക്ക് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : സർ, അഞ്ച് ലക്ഷം പേർക്കുകൂടി അത്യാവശ്യമായി വീടുകൾ വേണമെന്നുള്ളതാണ് ഇപ്പോഴത്തെ കണക്ക്. അതിനുള്ള നടപടികളുമായി മുന്നോട്ടു നീങ്ങുകയാണ്.

ശ്രീ. എൻ. ശക്തൻ : സർ, ഇന്നുള്ളതിനെക്കാൾ അല്പംകൂടി പലിശ കുറച്ച് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽത്തന്നെ വീട് ഇല്ലാത്ത അഞ്ച് ലക്ഷംപേർക്കും വീട് നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം കൊടുക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, നല്ല ആശയമാണ്. ബാങ്കുകൾ ഇന്ററസ്റ്റ് കുറച്ച് കുറച്ച് എട്ടര ശതമാനംവരെ ആക്കിയിട്ടുണ്ട്. പക്ഷേ, ഹഡ്കോയുടെ ഇന്ററസ്റ്റ് ഇതനുസരിച്ച് കുറയ്ക്കുമെങ്കിലേ നമുക്ക് കുറഞ്ഞ പലിശയ്ക്ക് ബനിഫിഷ്യറീസിന് കൊടുക്കുവാൻ കഴിയൂ. അങ്ങനെയുള്ള കാര്യങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതിനുവേണ്ടി ശ്രമം നടക്കുന്നുണ്ട്. അങ്ങനെ ഹഡ്കോ ചെയ്യുന്നപക്ഷം ബനിഫിഷ്യറീസിന് കുറഞ്ഞ പലിശയ്ക്ക് വായ്പ കൊടുക്കുവാൻ കഴിയുന്നതാണ്.

മി. സ്പീക്കർ : നിലവിലില്ലാത്ത പദ്ധതിയാണെന്ന് പറഞ്ഞു. പിന്നെ കൂടുതൽ സപ്ലിമെന്ററീസ് വേണോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, വേണം. പാവപ്പെട്ടവർക്ക് കൊടുക്കുന്ന ഈ പദ്ധതികളിൽ ഇപ്പോൾ ബ്ളോക്ക് പഞ്ചായത്ത്, ത്രിതല സമിതികൾ ഒക്കെ നേരിടുന്ന പ്രശ്നം,.....

മി. സ്പീക്കർ : നിലവിലില്ലാത്ത പദ്ധതിയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഷെഡ്യൂൾഡ് കാസ്റ്റ് അല്ലാത്തവർക്ക് 35,000 രൂപയും ഷെഡ്യൂൾഡ് കാസ്റ്റ്/ഷെഡ്യൂൾഡ് ട്രൈബ് വിഭാഗത്തിന് 42,000 രൂപയുമെന്ന് പറഞ്ഞു. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽനിന്നും കിട്ടുന്നത് 70,000 രൂപയാണ്. രണ്ട് തലത്തിൽ വന്നതിന്റെ ഫലമായി ഗ്രാമ പഞ്ചായത്തുകൾ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി ഒരു ഗഡു കൊടുത്തതിനുശേഷം വളരെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. കാരണം നേരെ ഇരട്ടിയാണ് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽനിന്ന് കൊടുക്കുന്ന സംഖ്യ. അതുകൊണ്ട് ഇത് ഏകീകരിക്കുവാനായി കുറഞ്ഞ സംഖ്യകൂടി കൂട്ടി കൊടുക്കുവാൻ ആലോചിക്കുന്നുണ്ടോ ; അങ്ങനെ ആലോചിക്കുകയാണെങ്കിൽ പലരും ഈ ലിസ്റ്റിൽനിന്ന് ഒഴിവാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ബ്ളോക്ക് പഞ്ചായത്തുകളെ സമീപിക്കുന്നതായിട്ട് ഞങ്ങൾക്കൊക്കെ പരാതി കിട്ടിയിട്ടുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഗവൺമെന്റിന്റെ നിലപാട് ഈ കാര്യത്തിൽ എന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. എം. മാണി : സർ, ഇന്ദിരാ ആവാസ് യോജന സ്കീമാണ് ഇപ്പോൾ നിലവിലുള്ളത്. ആ സ്കീമിൽ ബ്ളോക്കുകൾ, ഷെഡ്യൂൾഡ് കാസ്റ്റ്/ഷെഡ്യൂൾഡ് ട്രൈബ് ആണെങ്കിൽ ബ്ളോക്കിൽനിന്നും 20,000 രൂപയും

LIBRARY ARCHIVES Kerala Legislative Assembly

അല്ലാത്ത ആളുകൾക്ക് ബ്ലോക്കിൽനിന്ന് 13,000 രൂപയും കിട്ടുന്നുണ്ട്. 42,000 രൂപ വരെ ഷെഡ്യൂൾഡ് കാസ്റ്റ്/ഷെഡ്യൂൾഡ് ട്രൈബിനും 35,000 രൂപ വരെ ഷെഡ്യൂൾഡ് കാസ്റ്റ് അല്ലാത്ത ഇതര വിഭാഗത്തിൽപ്പെട്ടവർക്കും സൗജന്യമായി നൽകുകയാണ്. ബഹുമാനപ്പെട്ട കെ.പി. രാജേന്ദ്രൻ പറഞ്ഞത് നല്ല ഒരു ആശയമാണ്. വിവിധ വകുപ്പുകളിലൂടെ എസ്.സി./എസ്.റ്റി. വകുപ്പിന് ഭവന നിർമ്മാണ വായ്പകൾ കൊടുക്കുന്നുണ്ട്. പക്ഷേ, ഇതെല്ലാംകൂടി ഏകീകരിച്ചുകൊണ്ട് ഒരൊറ്റ പദ്ധതി എന്നുള്ള നിലയിലാണെങ്കിൽ കൂടുതൽ സഹായകരമായിരിക്കും. അത് പരിശോധിക്കാവുന്ന വിഷയമാണ്. അതു പരിശോധിക്കാം. അത് ഗവൺമെന്റ് തീർച്ചയായും ഗൗരവമായി പരിഗണിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഭവന നിർമ്മാണ വകുപ്പിൽനിന്നും ധാരാളം വായ്പകൾ കൊടുക്കുന്നതിനുവേണ്ടി തീരുമാനം എടുക്കുന്നുണ്ട് കുറേയൊക്കെ ചെയ്യുന്നുണ്ട്. പ്രധാനപ്പെട്ട പ്രശ്നം ആളുകൾ വായ്പകൾക്കുവേണ്ടി ഭവനനിർമ്മാണ ഓഫീസിൽ ചെല്ലുമ്പോൾ അവിടെ ആൾക്കാരെ കൂടുതൽ വിഷമിപ്പിക്കുന്നത് ഒരു വ്യായാമമായി, ഒരു രസമായി വന്നിരിക്കുകയാണ്. ഒത്തിരി സംഭവങ്ങൾ ഉണ്ടാകുകയാണ്. എനിക്ക് നേരിട്ട് അറിയാവുന്ന എത്രയോ ഓഫീസുകളുണ്ട്. അതുകൊണ്ട് സാധുക്കളായ ആളുകൾ വളരെ ദീർഘദൂരം യാത്രചെയ്ത് ഈ ഓഫീസുകളെ ആശ്രയിച്ച് വരുമ്പോൾ അവരുടെ പ്രവർത്തനങ്ങൾ സുതാര്യമായിട്ട്, കഴിയുന്നത്ര വേഗത്തിൽ ചെയ്യുന്നതിനുവേണ്ടി ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിൽ ഉള്ളതുപോലെ ഈ പാവപ്പെട്ടവർക്ക് വീടു കൊടുക്കുന്നതിനുവേണ്ടി ഗ്രീൻ ചാനൽ സിസ്റ്റം ഉണ്ടാക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, ഭവന നിർമ്മാണ വകുപ്പിൽ മാത്രമല്ല. എല്ലാ വകുപ്പിലും പാവപ്പെട്ടവർക്ക് പ്രയാസമായ പല രീതികളുമുണ്ട്. പാവപ്പെട്ടവരെ സഹായിക്കുന്ന സാമൂഹ്യ വീക്ഷണമുള്ള ധാരാളം ഉദ്യോഗസ്ഥരുണ്ട്. സർക്കാരിനെ സംബന്ധിച്ച് പൊതുവായി പറയുകയാണെങ്കിൽ സർക്കാർ ഓഫീസിൽനിന്ന് ബനിഫിഷ്യറീസിന് കിട്ടേണ്ട സഹായങ്ങൾ എത്രയും വേഗംതന്നെ ഗ്രീൻ ചാനൽ സിസ്റ്റംപോലെ കൊടുക്കേണ്ടതാണ്. ഏതായാലും അങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ച് ഒന്നുകൂടി പരിശോധിക്കാം. കൂടുതൽ വേഗത്തിൽ അവർക്ക് എങ്ങനെ വായ്പ ലഭിക്കുമെന്ന് ആലോചിക്കാവുന്നതാണ്. ഏതായാലും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ വായ്പ മുടങ്ങി കിടക്കുകയായിരുന്നു ; റിവൈവ് ചയ്ത് തുടങ്ങിയതേയുള്ളൂ. ഏതായാലും അടുത്ത ആറ് മാസത്തിനകം ഹൗസിംഗ് ബോർഡിന്റെ ആഭിമുഖ്യത്തിൽ സ്പീഡ് പ്രോഗ്രാമിന് ഗവൺമെന്റ് തയ്യാറെടുക്കുന്നുണ്ട്. അതിന്റെ ഫലം അഞ്ചാറു മാസത്തിനകം ഉണ്ടാകും.

ശ്രീ. മത്തായി ചാക്കോ : സർ, ജനുവരിയിൽ നടന്ന ആഗോള നിക്ഷേപ സംഗമത്തിൽ കേരള ഭവന നിർമ്മാണ ബോർഡ് ഗ്രാമീണ മേഖലയിലെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ടിട്ടുള്ള ഏതെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ആ പദ്ധതികളെ സംബന്ധിച്ച് കഴിഞ്ഞ നാലഞ്ച് മാസക്കാലത്തിനിടയ്ക്ക് അങ്ങനെ സമർപ്പിച്ചിരുന്നെങ്കിൽ എന്തെങ്കിലും നടപടികൾ നീങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. എം. മാണി : സർ, ജിമ്മിൽ വരുന്നത് ലാഭേച്ഛയോടു കൂടിയുള്ള പ്രോഗ്രാംസ് ആണ്. ദുർബലജനവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം 28,000 രൂപയുടേയോ 35,000 രൂപയുടേയോ 40,000 രൂപയുടേയോ ഏതെങ്കിലും ഗ്രാമങ്ങളിൽ ഇനി പത്തോ, നൂറോ വീടു പണിയാനാണെങ്കിൽ Nobody will take any interest. അതുകൊണ്ട് അത് ജിമ്മും ആയിട്ട് ബന്ധപ്പെടുത്താൻ കഴിയില്ല. അങ്ങനെ ഒരു പദ്ധതി സമർപ്പിച്ചിട്ടും ഇല്ല. ഇങ്ങനെയുള്ള ദുർബല ജനവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് പരിരക്ഷ കൊടുക്കുന്ന സ്കീംസ് ഒക്കെ ഗവൺമെന്റിന്റെ ഫങ്ഷൻസ് ആണ്.

ശ്രീ. വി. ഡി. സതീശൻ : സർ, ഏത് ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പ എടുത്തു കഴിഞ്ഞാലും വായ്പ തുക പൂർണ്ണമായും തിരിച്ചടച്ചു കഴിഞ്ഞാലും മറ്റ് ഡോക്യുമെന്റ്സ് റിലീസ് ചെയ്യുന്ന സംവിധാനം വളരെ എളുപ്പത്തിലാണ്. പക്ഷേ നമ്മുടെ ഭവന നിർമ്മാണ ബോർഡിൽ മാത്രം വായ്പ തുക മുഴുവൻ തിരിച്ചടച്ചു കഴിഞ്ഞാലും ഡോക്യുമെന്റ്സ് തിരിച്ചു കിട്ടുന്നതിന് ഏഴും എട്ടും മാസം എടുക്കും. ഈ നടപടിക്രമം ലഘൂകരിക്കുന്നതിനു വേണ്ട നിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രി കൊടുക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, ചോദ്യം എല്ലാം റവന്യൂ വകുപ്പിനെ സംബന്ധിച്ചുള്ളതാണ്. ഇപ്പോൾ ഭവന നിർമ്മാണ വകുപ്പിലേയ്ക്ക് കടന്നിട്ടുണ്ട്. എങ്കിലും ചോദ്യം നോട്ടീസിലില്ലെങ്കിൽപ്പോലും എനിക്ക് അതേപ്പറ്റി പറയാനുള്ളത് ഡോക്യുമെന്റ്സ് കൊടുക്കുന്ന കാര്യത്തിൽ ഇങ്ങനെ കാലതാമസം ഉണ്ടായിരുന്നു. ആ കാലതാമസം ഒഴിവാക്കി ഇപ്പോൾ ഡോക്യുമെന്റ്സ് വേഗതയിൽ കൊടുത്തുവരികയാണ്. ഭവന നിർമ്മാണ ബോർഡിൽ വളരെ പുരോഗതി ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. ഞാൻ ഒരു Demand discussion - ന്റെ സമയത്ത് അക്കാര്യം സൂചിപ്പിച്ചിരുന്നു.

ശ്രീ. കെ. കെ. രാമകൃഷ്ണൻ : സർ, ഗ്രാമീണ മേഖലയിലെ സാധാരണ കുടുംബങ്ങൾ ഏറെ ആശ്രയിച്ച ഒരു പദ്ധതിയാണ് കൈരളി ഭവന നിർമ്മാണ പദ്ധതി. ഒരു ഗഡു കൊടുത്തവർക്ക് രണ്ടും മൂന്നും ഗഡു ഉടനെ കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി നേരത്തേ തന്നെ പ്രഖ്യാപനം നടത്തിയിരുന്നു. സ്ഥലത്തിന്റെ സ്പെസിഫിക്കേഷനിൽ വന്നിട്ടുള്ള ചില വ്യത്യാസം കാരണം ഈ ഗഡുക്കൾ പൂർണമായും കിട്ടാതെ നിരവധി കുടുംബങ്ങൾ പ്രയാസം അനുഭവിക്കുന്നുണ്ട്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കാര്യമാണ്. ഈ കാര്യങ്ങൾക്ക് പ്രായോഗിക പരിഹാരം ഉണ്ടാകത്തക്ക നിലയിലുള്ള നിലപാട് സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, മൈത്രി ഭവനപദ്ധതിയിൽ മുടങ്ങി കിടന്ന ഒന്നും, രണ്ടും, മൂന്നും ഗഡുക്കൾ കൊടുത്തുവരികയാണ്. ഞാൻ പറഞ്ഞതുപോലെ ഒരു മാസത്തിനകം കൊടുത്തു തീരും. മറ്റൊന്ന് പറഞ്ഞത്

LIBRARY ARCHIVES Kerala Legislative Assembly

പുതിയ പ്രശ്നം ആണ്. ഡിസൈൻ വ്യത്യസ്ഥമായി വീടു പണിതവരെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന് പ്രിസ്ക്രൈബ്ഡ് ആയിട്ടുള്ള concessions and assistance കിട്ടുന്ന കാര്യത്തിൽ ബുദ്ധിമുട്ടുണ്ട്. മാർജിനലായിട്ടുള്ള വ്യത്യാസത്തിലുള്ള വീടുകളാണ് പണിതിരിക്കുന്നത് എന്നുണ്ടെങ്കിൽ തീർച്ചയായും ഗവൺമെന്റ് അത് അനുഭാവപൂർവം പരിഗണിക്കും. ആ നിർദ്ദേശമാണ് ഹൗസിംഗ് ബോർഡിന് കൊടുത്തിട്ടുള്ളത്. പക്ഷേ വളരെ വ്യത്യസ്തമായി ഡിസൈനിൽ കൂടുതൽ തറ വിസ്തീർണത്തിൽ പണിതിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള ആളുകളെ സംബന്ധിച്ചിടത്തോളം, കുറച്ചു കൂടി സാമ്പത്തിക കഴിവുള്ളവരാണ്, അവർക്ക് വീക്കർ സെക്ഷനുള്ള ലോൺ അവൈൽ ചെയ്യാനുള്ള ധാർമികമായ അവകാശമില്ല. അതുകൊണ്ടാണ് അത് തടഞ്ഞു വയ്ക്കുന്നത്.

ശ്രീ. ജോണി നെല്ലൂർ : സർ, ഗ്രാമങ്ങളിലെ ദുർബല ജനവിഭാഗങ്ങളിൽ ഭൂമി ഇല്ലാത്തവരും വീട് ഇല്ലാത്തവരും ധാരാളമുണ്ട്. ഇങ്ങനെയുള്ള ആളുകൾക്ക് ഭൂമി വാങ്ങി വീടു വച്ചു കൊടുക്കാനുള്ള എന്തെങ്കിലും പദ്ധതികളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ ? ഭവന നിർമ്മാണ ബോർഡ് ഗവൺമെന്റുമായി സഹകരിച്ച് ഈ കാര്യത്തിൽ വല്ല പദ്ധതിയും തയ്യാറാക്കിയിട്ടുണ്ടോ ?

ശ്രീ. കെ. എം. മാണി : സർ, ഞാൻ ഡിമാന്റ് ചർച്ചയിൽ വളരെ കാര്യമായി ഊന്നി പറഞ്ഞ ഒരു സ്കീം അതാണ്. ഭൂമി ഇല്ലാത്ത ആളുകളെ സംബന്ധിച്ചിടത്തോളം ഭൂമി വാങ്ങി വീടുകൾ വയ്ക്കുന്നതിന് ഒരു പദ്ധതി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ഉടനെ തന്നെ നൽകുന്നതാണ്. ആ സ്കീം ഉടനെ തന്നെ നടപ്പിലാക്കും.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, പല ഘട്ടങ്ങളിലായി പല പദ്ധതികളിലൂടെ ഗ്രാമങ്ങളിലെ പാവപ്പെട്ട ആളുകൾക്കുവേണ്ടി പാർപ്പിട പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. അതിൽ പല ആളുകൾക്കും പല രീതിയിൽ പണം തിരിച്ചടയ്ക്കാൻ കഴിയാത്തതുകൊണ്ട് ജപ്തി നടപടി ആയിക്കിടക്കുകയാണ്. അത്തരം പദ്ധതികളെ സംബന്ധിച്ച് ശരിയായ രീതിയിൽ ഒരു പഠനം നടത്തി ഏറ്റവും അർഹരായിട്ടുള്ള ആളുകളെ കണ്ടെത്തി അവരുടെ ഈ സാമ്പത്തിക ബാദ്ധ്യത എഴുതിത്തള്ളാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, സാമ്പത്തിക ബാദ്ധ്യത എഴുതിത്തള്ളുന്നത് വാസ്തവത്തിൽ പറഞ്ഞാൽ അവർക്ക് സഹായകരമാണ്. ഗവൺമെന്റിന് സാമ്പത്തികബുദ്ധിമുട്ടുണ്ട്. നമ്മൾ ഹഡ്കോയിൽ നിന്ന് രൂപ എടുത്ത് പാവപ്പെട്ടവർക്ക് കൊടുക്കുന്നുണ്ട്. ഹഡ്കോയിലേയ്ക്കുള്ള തിരിച്ചടവ് നടന്നില്ലെങ്കിൽ വീണ്ടും ഇങ്ങോട്ട് വായ്പ മുടങ്ങും. തിരിച്ചടയ്ക്കണമെന്നുണ്ടെങ്കിൽ കൊടുത്ത വായ്പ കിട്ടണം. അതുകൊണ്ട് എല്ലാ പാവപ്പെട്ടവർക്കും വിഷമതയുണ്ടെന്ന് എനിക്കറിയാം. പക്ഷേ അതു നമുക്ക് എഴുതി തള്ളാൻ ബുദ്ധിമുട്ട് വരും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. വാഹിദ് : സർ, ഇൻഡ്യയുടെ തന്നെ ആദ്യത്തെ ഗ്രാമ ഭവന നിർമ്മാണ പദ്ധതിയായി അറിയപ്പെടുന്നത് നമ്മുടെ ലക്ഷം വീടു പദ്ധതിയാണ്. യു.ഡി.എഫി-ന്റെ ഭരണ കാലത്തു കൊണ്ടുവന്ന ഒരു വലിയ പദ്ധതിയാണ്. ആ പദ്ധതി പ്രകാരം നിർമ്മിച്ച ലക്ഷം വീടുകളിൽ, തന്നെ എം. എൻ. ഗോവിന്ദൻനായരെ തോൽപ്പിക്കണമെന്ന് എഴുതിവച്ചിട്ടുണ്ട്. ആ ലക്ഷം വീടുകളെല്ലാം നിലം പൊത്തുന്ന സ്റ്റേജിലാണ്. എന്റെ നിയോജക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും സ്ഥാപിച്ചിട്ടുള്ള വീടുകൾ നിലം പൊത്തുന്ന സ്ഥിതിയിലാണ്. ചിലതെല്ലാം ഈ തണൽ പദ്ധതിയിലുൾപ്പെടുത്തി പൊളിച്ചിട്ടിരിക്കുകയാണ് ഇവരുടെ കാര്യം വളരെ ദയനീയമാണ്. തല ചായ്ക്കാൻ ഇടമില്ലാത്തവരാണ്. ഈ പദ്ധതി പുനഃസംഘടിപ്പിക്കുന്നതിന് എന്തെങ്കിലും സ്കീം സർക്കാരിന്റെ മുന്നിലുണ്ടോ ? ഇവരെ അപകടത്തിൽ നിന്ന് രക്ഷിക്കുവാൻ, ഇവരെ ഒരു അപകട ഇൻഷുറൻസ് പദ്ധതിയിലുൾപ്പെടുത്തുവാൻ സംസ്ഥാന ഭവന നിർമ്മാണ ബോർഡിനു കഴിയുമോ ?

ശ്രീ. കെ. എം. മാണി : സർ, ലക്ഷം വീട് കോളനിയിലെ കേടുപാടായ വീടുകൾ നന്നാക്കുന്നതിന് മുൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ, ഞാൻ ഹൗസിംഗിന്റെ ചാർജ് വഹിച്ചിരുന്ന കാലഘട്ടത്തിൽ ഒരു പദ്ധതി ഉണ്ടായിരുന്നു. കുറേയൊക്കെ വീടുകൾ നന്നാക്കി കൊടുക്കാനായിട്ടുണ്ട്. എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ പറഞ്ഞതുപോലെ നിലംപൊത്താറായ വീടുകളെ സംബന്ധിച്ചിടത്തോളം ഇൻഷ്വറൻസ് കമ്പനികൾ ആ ബാദ്ധ്യത ഏറ്റെടുത്തു എന്നു വരില്ല. ഏറ്റവും കൂടുതൽ റിസ്ക് ഉണ്ട്. ഗവൺമെന്റാണ് അത് നന്നാക്കിക്കൊടുക്കേണ്ടത്. അതുകൊണ്ട് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം, അങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം നമുക്ക് പുതിയ പദ്ധതികൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ധനകാര്യ ബുദ്ധിമുട്ടാണ് ഇതിനൊക്കെ മുൻപിലുള്ളത്. ധനകാര്യ വകുപ്പുമന്ത്രി സഹായിക്കുന്ന പക്ഷം തീർച്ചയായിട്ടും ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പുതിയ സ്കീമുകൾ കൊണ്ടുവരാൻ തയ്യാറാണ്.

ശ്രീ. ബിനോയ് വിശ്വം : സർ, കേരളത്തിൽ എല്ലാവർക്കും പാർപ്പിടം കൊടുക്കാമെന്ന് വാഗ്ദ്ധാനം ചെയ്തുകൊണ്ട് ഭരണമേറ്റ ഗവൺമെന്റ് രണ്ടു കൊല്ലം പൂർത്തിയാക്കിയപ്പോൾ existing programmes നിർത്തലാക്കി എന്നും നടപ്പിലാക്കേണ്ട പലതും ഇഴഞ്ഞുപോവുകയാണെന്നും മന്ത്രി തന്നെ പറയുകയുണ്ടായി. ഏറ്റവും ഗൗരവമേറിയ സാമൂഹ്യ പ്രശ്നമായ പാർപ്പിട പ്രശ്നം പരിഹരിക്കാൻ ഗവൺമെന്റിന്റെ മെല്ലെപ്പോക്ക് അവസാനിപ്പിച്ച് ദുർബലരിൽ നീതി കാണിച്ചുകൊണ്ട് അവർക്ക് വീട് എത്തിച്ചു കൊടുക്കാമെന്ന് പറയുന്ന വാഗ്ദാനം പാലിക്കാനുള്ള കൃത്യമായ നിർദ്ദേശങ്ങൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി. : സർ, യു.ഡി.എഫ്. മാത്രമല്ല, ഇവിടെ ഭരിച്ചിരുന്ന ഇടതുപക്ഷ ഗവൺമെന്റുകളെല്ലാം പാവപ്പെട്ടവർക്ക് വീടുകൾ പൂർത്തിയാക്കി കൊടുക്കാം എന്നുള്ള വാഗ്ദാനവുമായിട്ടാണ് ജനങ്ങളെ സമീപിച്ചത്. ഇടതുപക്ഷ ഗവൺമെന്റുകൾക്ക് അത് പൂർത്തിയാക്കാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല, ഹൗസിംഗ് ബോർഡുതന്നെ തകർക്കുകയാണ് ചെയ്തത്. വാസ്തവം പറഞ്ഞാൽ യു.ഡി.എഫ്. ഗവൺമെന്റ് അത് റിവ്യൂ ചെയ്തുകൊണ്ട് എത്രയും വേഗം, ഇനിയുള്ള 5 ലക്ഷം പേർക്കു കൂടി 3 വർഷത്തിനിടയിൽ വീട് ഉണ്ടാക്കി കൊടുക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു. മുഴുവൻ പൂർത്തിയാകണമെന്ന് നിർബന്ധമൊന്നുമില്ല. 5 ലക്ഷം എന്നു പറയുന്നത് വലിയൊരു ഭാരമാണ്. ഏതായാലും ലക്ഷ്യത്തോട് അടുക്കാൻ കഴിയും. അതിനുള്ള ശ്രമങ്ങൾ ഈ ഗവൺമെന്റ് മുന്നോട്ടു നീക്കുകയാണ്. ബഹുമാനപ്പെട്ട ബിനോയ് വിശ്വം ഈ ഗവൺമെന്റിന്റെ നല്ലകാര്യങ്ങളെ നല്ല രീതിയിൽ വിലയിരുത്തുന്നുണ്ടോ എന്ന് എനിക്കു സംശയമാണ്.

ശ്രീ. എ. എൻ. രാജൻ ബാബു : സർ, റവന്യൂ പുറമ്പോക്കിൽ താമസിക്കുന്ന പാവപ്പെട്ട കുടുംബങ്ങൾക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ് പോലും കൊടുക്കാത്ത സാഹചര്യത്തിൽ ഹഡ്കോ മുതലായ സ്ഥാപനങ്ങളിൽ നിന്നുള്ള ഭവന നിർമ്മാണ ആനുകൂല്യം കിട്ടാതെ വരുന്നുണ്ട്. പുറമ്പോക്കിൽ താമസിക്കുന്നവർക്കും ഭവനനിർമ്മാണ ആനുകൂല്യം കിട്ടത്തക്കവണ്ണം കൈവശ സർട്ടിഫിക്കറ്റ് കിട്ടുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി. : സർ, നിയമം അനുസരിച്ച് ഭൂമിയിൽ ഉടമസ്ഥാവകാശം ഉള്ളവർക്കു മാത്രമാണ് ഹഡ്കോ ഇപ്പോൾ ലോൺ നൽകുന്നത്. ഇതൊക്കെ സോഷ്യൽ സർവീസസ് സ്കീംസ്, ആണ്. അങ്ങനെയുള്ള സ്കീംസ്, പുറമ്പോക്കിൽ താമസിക്കുന്ന എന്നു പറയുമ്പോൾ ഉടമസ്ഥാവകാശം പുറമ്പോക്കിൽ കൊടുക്കുക എന്നുള്ളതാണ്. റോഡ് പുറമ്പോക്ക് ആയിരിക്കും. റോഡിന് വീതി വേണ്ടി വരും. അപ്പോൾ പുറമ്പോക്ക് നമ്മൾ വളരെയധികം encourage ചെയ്യുന്നില്ല. എല്ലാ പുറമ്പോക്കിൽ താമസിക്കുന്ന ആളുകൾക്കും സ്ഥിരമായി വീടുകൾ വച്ചു കൊടുക്കാൻ പറ്റില്ല. അത് നിയമപരമായും പ്രായോഗികപരമായും നമുക്ക് പറ്റുന്ന കാര്യമല്ല. എന്നാൽ മറ്റ് റോഡിന് ബുദ്ധിമുട്ട് ഇല്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അവരുടെ കൈവശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും സഹായം ചെയ്തു കൊടുക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കും. അങ്ങനെ പല സഹായങ്ങളും ഗവൺമെന്റ് ചെയ്യുന്നുണ്ട്.

ശ്രീ. ടി. കെ. ബാലൻ : സർ, റവന്യൂ വകുപ്പിൽ Low income Group-ൽ നിന്നും Middle Income Group-ൽ നിന്നും ലോൺ എടുത്ത് വീടുപണി പൂർത്തിയാക്കി സർവീസിൽ നിന്ന് റിട്ടയർ ചെയ്ത് മരണപ്പെട്ടിട്ടുള്ള ആളുകളുടെ കുടുംബങ്ങൾക്ക് Pledge ചെയ്തിട്ടുള്ള ഡോക്യുമെന്റ്സ് റവന്യൂ വകുപ്പിൽ നിന്ന്

തിരിച്ചു കിട്ടാത്ത നിരവധി അനുഭവങ്ങളുണ്ട്. ഈ കാര്യങ്ങൾക്ക് അടിയന്തിര പരിഹാരം ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രിയിൽ നിന്നുണ്ടാകണമെന്ന് അപേക്ഷിക്കുകയാണ്.

ശ്രീ. കെ. എം.മാണി : സർ, ഞാൻ മുമ്പേ ഇതിന് ഉത്തരം നൽകി. ഈ ഗവൺമെന്റ് വന്നതിനുശേഷം ഡോക്യുമെന്റ്സ് തിരികെ കൊടുക്കുന്നതിന് വളരെയധികം പുരോഗതി ഉണ്ടായിട്ടുണ്ട്. കൂടുതൽ പുരോഗതി കൈവരുത്തുവാൻ തീർച്ചയായിട്ടും നടപടികൾ സ്വീകരിച്ചുവരികയാണ്. ഇത് ഒരു Continuous Programme ആണ്. അതുകൊണ്ട് അതിൽ വളരെ പുരോഗതി ഉണ്ടായിട്ടുണ്ട്.

ശ്രീ. പി. ടി. തോമസ് : സർ, ഒരു ഭവന നയം യഥാർത്ഥത്തിൽ കേരളത്തിൽ ഇല്ലെന്നുള്ളത് വലിയ ദുരന്തമാണ്. ലോകത്തെ മറ്റേത് രാജ്യങ്ങൾ പരിശോധിച്ചാലും ഭവന നിർമ്മാണത്തെ സംബന്ധിച്ച് വ്യക്തമായ നയം ആവിഷ്ക്കരിച്ചിട്ടുണ്ട്. കേരളത്തിലെ വാസ്തു ശില്പകല വളരെ പ്രശസ്തമാണ്. ഇവയെല്ലാം അടിസ്ഥാനം ആയിട്ടുള്ള ഭവന നിർമ്മാണ മേഖലയിൽ യാതൊരു മുന്നേറ്റവും നമുക്ക് ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. പ്രഗൽഭനായ അങ്ങ് ഭവന നിർമ്മാണ വകുപ്പിന്റേയും റവന്യൂ വകുപ്പിന്റേയും ചാർജ് വഹിക്കുന്ന ഈ ഘട്ടത്തിൽ തലമുറകളോളം ഓർമ്മിച്ചിരിക്കാൻ കഴിയുന്ന രീതിയിൽ ഭവന നിർമ്മാണ പദ്ധതി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, ഗവൺമെന്റിന് ഒരു ഭവനനിർമ്മാണ നയമുണ്ട്. ആ നയമെന്നു പറയുന്നത് വീടില്ലാത്ത എല്ലാ ആളുകൾക്കും കുറഞ്ഞ ചെലവിൽ വീടുണ്ടാക്കിക്കൊടുക്കുക എന്നുള്ളതാണ്. ഇവിടെ പറഞ്ഞത് വാസ്തുശിൽപ്പമാണ്. നിർമ്മിതി ഇതിനുവേണ്ടി രൂപീകരിച്ച ഒരു സംരംഭമാണ്. നിർമ്മിതിയുടെ ആഭിമുഖ്യത്തിൽ കുറഞ്ഞ ചെലവിൽ വീടു നിർമ്മിക്കുന്നതിനുള്ള സാമഗ്രികൾ കൊടുക്കുന്നു, കുറഞ്ഞ ചെലവിലുള്ള വീടു നിർമ്മിക്കുന്നതിനുള്ള ടെക്നിക്ക്സ് പ്രചരിപ്പിക്കുന്നുണ്ട്. നിർമ്മിതിയുടെ ആഭിമുഖ്യത്തിൽ അങ്ങനെയുള്ള വീടുകൾ നിർമ്മിച്ചുകൊടുക്കുന്നത് ഈ നയത്തിന്റെ ഒരു ഭാഗമാണ്. അതൊക്കെ ദുർബ്ബലജനവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം, വാസ്തുശിൽപ്പം കൂടി കൂട്ടിച്ചേർത്തുകൊണ്ടുള്ള ഭവനനിർമ്മാണ പദ്ധതി മുഴുവനും അനുയോജ്യമാക്കാൻ കഴിയുമോ എന്നുള്ളത് പരിശോധിക്കേണ്ടതാണ്. കുറച്ചു ബുദ്ധിമുട്ടുള്ള കാര്യമാണ്. നല്ല ആശയമാണ്.

ശ്രീ. എ. എ. അസീസ് : സർ, വിവിധ വ്യവസായ മേഖലയിലെ ക്ഷേമനിധികളിൽ അംഗങ്ങളായിട്ടുള്ള ദുർബ്ബലരായിട്ടുള്ള തൊഴിലാളികളുണ്ട്. അവർക്കൊരു പുതിയ ഭവനനിർമ്മാണ പദ്ധതി ആരംഭിക്കാൻ മുൻ ഗവൺമെന്റ് തുടക്കം കുറിച്ചു. അങ്ങനെയൊരു പുതിയ പദ്ധതിക്ക് തുടക്കം കുറിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : സർ, പദ്ധതികളുടെ എണ്ണത്തിന്റെ കുറവല്ല. ഇൻഡസ്ട്രിയൽ വർക്കേഴ്സിനായാലും അഗ്രിക്കൾച്ചറൽ വർക്കേഴ്സിനായാലും പാവപ്പെട്ട എല്ലാ ദുർബ്ബല വിഭാഗങ്ങൾക്കും ഇപ്പോൾ പദ്ധതിയുണ്ട്. ഇന്ദിരാ ആവാസ് യോജനയുടെ പ്രയോജനം നമുക്ക് ലഭ്യമാക്കാവുന്നതാണ്. 60 ശതമാനം ഷെഡ്യൂൾഡ് കാസ്റ്റ്/ഷെഡ്യൂൾഡ് ട്രൈബിനും 40 ശതമാനം അല്ലാത്തവർക്കുമാണ്. ഭവനനിർമ്മാണ ബോർഡിന്റെ പദ്ധതിയിലും അംഗങ്ങളാകാവുന്നതാണ്. പദ്ധതികൾ കുറവല്ല. ഇൻഡസ്ട്രിയൽ വർക്കേഴ്സിന് പ്രത്യേകിച്ച് പ്രായോഗികമായ ഏതെങ്കിലും മേഖലയിൽ പ്രത്യേകമായ ഹൗസിംഗ് സ്കീം നടപ്പിലാക്കണമെന്നുണ്ടെങ്കിൽ പ്രത്യേകമായി നോട്ടീസ് നൽകിയാൽ അതു പരിശോധിക്കാം.

ശ്രീമതി രാധാരാഘവൻ : സർ, എനിക്ക് കഴിഞ്ഞ ശനിയാഴ്ച കിട്ടിയ ഒരു പരാതിയുടെ അടിസ്ഥാനത്തിലാണ് ഞാൻ ഈ ചോദ്യം ചോദിക്കുന്നത്. മൈത്രീ ഭവന നിർമ്മാണ പദ്ധതി പ്രകാരം ലോൺ എടുത്തവർക്ക് രണ്ട് പ്രാവശ്യത്തെ ഗഡുക്കൾ കൊടുത്തു, അവസാന ഗഡു ഇതുവരെയും കൊടുത്തിട്ടില്ല. അതിനെക്കുറിച്ച് അവർ അന്വേഷിക്കുമ്പോൾ പഞ്ചായത്തിൽ പോകാൻ പറയും, പഞ്ചായത്തിൽ നിന്ന് അടയ്ക്കേണ്ട വിഹിതം അടച്ചിട്ടില്ലായെന്നു പറഞ്ഞ് ഹൗസിംഗ് ബോർഡിൽ തിരിച്ചുപോകുമ്പോൾ അവർ തിരിച്ചുവിടുകയാണ് ചെയ്യുന്നത്. ഇതിന് വ്യക്തമായ ഒരു മറുപടി തരുമോ ?

ശ്രീ. കെ. എം. മാണി : ഇതൊരു ഇൻഡിവിഡ്വൽ കാര്യമാണ്. അത് പ്രത്യേകിച്ച് എനിക്ക് എഴുതിത്തരുകയാണെങ്കിൽ ഉടനേ അതിനു പരിഹാരം ഉണ്ടാക്കാം.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ദുർബ്ബല വിഭാഗങ്ങൾക്കുള്ള വില്ലേജ് ഹൗസിംഗ് സ്ക്കീം പോലുള്ള സ്ക്കീമുകൾ നിന്നുപോയി എന്നു പറയുകയുണ്ടായി. വീടു കിട്ടിയവരും സാമ്പത്തികമായി വളരെ പിന്നോട്ടാണ്. വീടിന്റെ മെയിന്റനൻസ് നടക്കുന്നില്ല. മഹാരാഷ്ട്ര പോലുള്ള സംസ്ഥാനങ്ങളിൽ ബിൽഡിംഗ് മെയിന്റനൻസ് ബോർഡുകളും കോർപ്പറേഷനുകളും ഉണ്ട്. നമ്മുടെ സംസ്ഥാനത്ത് അത്തരം സംവിധാനങ്ങൾ ഇല്ല. അതുകൊണ്ട് ലോൺ എടുത്ത് വീടുണ്ടാക്കിയിട്ട് മെയിന്റയിൻ ചെയ്യാത്തവർക്ക് മെയിന്റനൻസിന് ആവശ്യമായ സാമ്പത്തിക സഹായം ചെയ്യാൻ എന്തെങ്കിലും പുതിയ സംവിധാനം ഉണ്ടാക്കാൻ ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, ഇപ്പോൾ വീടു നന്നാക്കുന്നതിനുവേണ്ടി ഹൗസിംഗ് ബോർഡിൽ നിന്ന് 4,000 രൂപ കൊടുക്കുന്ന ഒരു സ്ക്കീം ഉണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കുറച്ചുകൂടി വ്യാപകമായി വീടുകൾ മെയിന്റയിൻ ചെയ്യുന്നതിന് സഹായകമാകത്തക്കവണ്ണം ഇപ്രകാരമുള്ള സാമ്പത്തിക സംരംഭം പുതിയതായി രൂപീകരിക്കുന്ന കാര്യം നല്ല ആശയമാണ്. അതിനെപ്പറ്റി പരിശോധിക്കാം.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : സർ, തൃശൂർ ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ദുർബല ജനവിഭാഗങ്ങൾക്ക് വേണ്ടി സമ്പൂർണ്ണ പാർപ്പിട പദ്ധതി ആരംഭിച്ചിരിക്കുന്നു. മൂന്ന്-നാല് വർഷം കഴിഞ്ഞിട്ടും ചില വീടുകളുടെ ഭിത്തി ഉയരവും ചിലതിന്റെ തറപ്പണിയും കഴിഞ്ഞ് ബാക്കി പണി പൂർത്തിയാക്കാതെ ഇട്ടിരിക്കുകയാണ്. ഇപ്പോൾ ജില്ലാ പഞ്ചായത്ത് ഈ പരിപാടിയിൽ നിന്ന് പിൻമാറിയിരിക്കുകയാണ്. അതിനെക്കുറിച്ച് ധാരാളം ആക്ഷേപങ്ങൾ ഉണ്ടായിരുന്നു. യു.ഡി.എഫ്.-ന്റെ നേതൃത്വത്തിൽ ധർണ്ണകളും നടന്നതാണ്. ഇതിനെക്കുറിച്ച് ഒരന്വേഷണം നടത്തി ഈ വീടുകൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, പഞ്ചായത്തുകൾ പിൻമാറുകയും ഉപേക്ഷിക്കുകയും ചെയ്ത പദ്ധതികൾ എല്ലാം ഗവൺമെന്റ് ഏറ്റെടുക്കണമെന്നു പറയുന്നത് പ്രായോഗികമല്ല. അതു ഗവൺമെന്റിന്റെ ഫംഗ്ഷനുമല്ല. എവിടെയെങ്കിലും മാനുഷിക പ്രശ്നങ്ങളുണ്ടെങ്കിൽ അത് തീർച്ചയായും ഗവൺമെന്റ് പരിശോധിക്കാം.

ഡോ. കെ. സി. ജോസഫ് : സർ, കുടികിടപ്പുകാരുടെ ഭവനനിർമ്മാണ പദ്ധതി 1982-87 കാലഘട്ടത്തിൽ നടപ്പിലാക്കിയതാണ്: കുടികിടപ്പുകാരുടെ ക്ഷേമത്തിനുവേണ്ടി ഗവൺമെന്റ് ഉള്ള പണത്തിന്റെ ഭാഗം കൂടി കൊടുത്തുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിയത്. 20 വർഷം കഴിഞ്ഞശേഷം ഇപ്പോഴും അത് അടയ്ക്കാൻ നിവൃത്തിയില്ലാത്ത പാവപ്പെട്ട ആളുകൾ ഉണ്ട്. എസ്.ബി.ഐ.-യിൽ നിന്ന് എടുത്തിട്ടുള്ള ലോണിനെ സംബന്ധിച്ചിടത്തോളം ചർച്ച ചെയ്ത് അതിൽ ഇളവു വരുത്തി കുടികിടപ്പുകാരുടെ ബെനിഫിറ്റ് സ്ക്കീമിലുള്ള ഫണ്ട് ഗവൺമെന്റിൽ ഉണ്ടെന്നുള്ളത് കൂടി പരിഗണിച്ച് അവർക്ക് അത് ഇളവു ചെയ്തുകൊണ്ട് അവരുടെ രേഖകൾ മടക്കിക്കൊടുക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, ഇളവു ചെയ്യുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം എത്രമാത്രം എന്ന് എനിക്ക് കൃത്യമായിട്ട് പറയാൻ കഴിയില്ല. ഫിനാൻഷ്യൽ ഇൻവോൾവ്മെന്റുള്ള കാര്യമാണ്. എന്തായാലും ഈ കാര്യം ഗവൺമെന്റ് പരിശോധിക്കാം.

ശ്രീ. സി. പി. മുഹമ്മദ് : സർ, എം.ജി.പി. പരിപാടിക്കുവേണ്ടിയുള്ള സർക്കാർ ഉത്തരവിൽ ഭൂരഹിതരായവർക്കായുള്ള ഒരു ഭവനനിർമ്മാണ പദ്ധതിയെക്കുറിച്ച് പറയുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അങ്ങനെയൊരു പദ്ധതിയുടെ വിശദാംശങ്ങൾ അടുത്തു തന്നെ പ്രഖ്യാപിക്കുമെന്ന് പറഞ്ഞു. നാഷണൽ ഹൗസിംഗ് പോളിസിയുടെ ഭാഗമായി എല്ലാ പുതിയ ഹൗസിംഗ് പദ്ധതികളിലും വെള്ളവും അടിസ്ഥാന ശുചീകരണ സൗകര്യങ്ങളും ലഭ്യമാക്കണമെന്ന് പറയുന്നുണ്ട്. ഈ പദ്ധതി പ്രഖ്യാപിക്കുമ്പോൾ ഇവയ്ക്ക് കൂടി മുൻഗണന നൽകാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റൊന്ന്, വളരെ ദയനീയമായ ഒരു കാര്യമാണ്. പണി പൂർത്തിയാക്കി വായ്പ തിരിച്ചടച്ചവരുടെ ആധാരം തിരിച്ചുകിട്ടാത്തതു

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് പലരും ചോദിച്ചു. മറുപടിയും പറഞ്ഞു. വർഷങ്ങൾക്കു മുമ്പ് ആരംഭിച്ച കൈരളി ഭവനനിർമ്മാണ പദ്ധതിയിൽ വായ്പയും കിട്ടിയിട്ടില്ല, ആറേഴു വർഷമായി ആധാരമെങ്കിലും വാങ്ങിത്തരുമോ എന്നു ചോദിച്ചുകൊണ്ട് ജനപ്രതിനിധികളുടെ അടുത്ത് ആളുകൾ വരാറുണ്ട്. അതുകൂടി പരിഗണിക്കണം.

ശ്രീ. കെ. എം. മാണി : സർ, ആധാരങ്ങളെ സംബന്ധിച്ച് ഇവിടെ പല മെമ്പർമാരും ഉന്നയിച്ച ആശങ്കയുടെ അടിസ്ഥാനത്തിൽ ഉടനെ തന്നെ ഹൗസിംഗ് ബോർഡ് മുഖേന ഒരു അദാലത്ത് സംഘടിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാണ്. ആ അദാലത്തിൽ വച്ച് മടക്കിക്കൊടുക്കാവുന്ന ആധാരങ്ങളെ സംബന്ധിച്ചിടത്തോളം മുഴുവൻ കുടിശ്ശികകളുണ്ടെങ്കിൽ അതു തീർക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, കേരളത്തിൽ നടപ്പിലാക്കിവന്നിരുന്ന കൈരളി ഭവനനിർമ്മാണ പദ്ധതി മുഖേന ഒന്ന്-രണ്ട് ഗഡുക്കൾ വിതരണം ചെയ്തു. അതിനുശേഷം ആ പദ്ധതി നിർത്തലാക്കി. ബഹുമാനപ്പെട്ട സി.പി. മുഹമ്മദ് പറഞ്ഞതുപോലെ ആധാരം തിരിച്ചുകിട്ടാത്ത അവസ്ഥയുണ്ട്. വീട് പൊളിച്ചിട്ട ആളുകൾക്ക് ആധാരം പ്ലെഡ്ജ് ചെയ്യുന്നതിന്റെ ഭാഗമായി പുതിയ വീടിന് അപേക്ഷിക്കാൻ കഴിയുന്നില്ല. മറ്റു വീടുകൾ അവർക്ക് കിട്ടുന്നുമില്ല. അത്തരത്തിലുള്ള ആളുകൾക്കുവേണ്ടി പുതിയ ഏതെങ്കിലും പദ്ധതി നടപ്പിലാക്കി അവരെ സഹായിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, ഇക്കാര്യം ഇവിടെ പല തവണ ചർച്ച ചെയ്ത ഒരു വിഷയമാണ്. ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ വീട് പൊളിച്ചിട്ടതിനെല്ലാം രണ്ടും-മൂന്നും ഗഡുക്കൾ ഇപ്പോൾ കൊടുത്തുവരികയാണ്. ആ ഗഡുക്കൾ കിട്ടുന്നതോടുകൂടി ആ ബുദ്ധിമുട്ടുകൾ മാറും.

ശ്രീ. ടി. വി. ചന്ദ്രമോഹൻ : സർ, തൃശൂർ ജില്ലാ പഞ്ചായത്ത് കഴിഞ്ഞ തവണ പാവപ്പെട്ടവർക്ക് 12,000 വീടുകൾ പണിയാൻ വേണ്ടി തദ്ദേശ ഭരണസ്ഥാപനങ്ങളിൽ നിന്ന് പണം ശേഖരിച്ചുവെങ്കിലും 2,000 വീടുകൾ പോലും പണി പൂർത്തിയാക്കിയിട്ടില്ല. ഇപ്പോൾ പണം തിരിച്ചുചോദിക്കാൻ പറ്റാത്ത അവസ്ഥയിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾ എത്തിച്ചേർന്ന ഒരു സ്ഥിതി വിശേഷമുണ്ട്. അവ പരാതി മുഖേന പ്രതിപക്ഷ കക്ഷികൾ നിരവധി തവണ അങ്ങയേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും അറിയിച്ചതാണ്. ദയവുചെയ്ത് ഈ കാര്യത്തിൽ അടിയന്തിരമായി അന്വേഷണം നടത്തി അവർക്ക് വീടുകൾ വച്ചുകൊടുക്കണം. പണം കളക്ട് ചെയ്തതാണ്. cost ford-നെയാണ് ഏല്പിച്ചിരിക്കുന്നത്. ആ പണം എവിടെ പോയി എന്നെങ്കിലും അന്വേഷിക്കാൻ ഉത്തരവ് നൽകണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : സർ, എനിക്ക് അക്കാര്യം അന്വേഷിക്കാനുള്ള അധികാരമില്ല. ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ അദ്ദേഹം ആ കാര്യത്തെ സംബന്ധിച്ച് അന്വേഷിക്കുന്നതാണ്. കാരണം, സംസ്ഥാന ഭവനനിർമ്മാണ വകുപ്പ് അല്ല അവിടെ കെട്ടിടങ്ങൾ പണിതിട്ടുള്ളത്.

ശ്രീ. എം.വി. ജയരാജൻ : സർ, വിവിധ ഏജൻസികൾ ദുർബ്ബല ജനവിഭാഗങ്ങൾക്ക് ഭവനനിർമ്മാണ പദ്ധതിയിൽ കൊടുക്കുന്ന തുക വ്യത്യസ്ത തോതിലാണ്. ചിലർ 35,000 രൂപ കൊടുക്കുന്നു, പിലർ 45,000 രൂപ കൊടുക്കുന്നു. ഇപ്പോൾ ഡിപ്പാർട്ട്മെന്റ് 70,000 രൂപ കൊടുക്കുന്നു. പഞ്ചായത്തുകൾ ദുർബ്ബലജനവിഭാഗങ്ങൾക്ക് കൊടുക്കുന്ന സ്ക്കീമിൽ യഥാർത്ഥത്തിൽ ഈ പറയുന്ന തുകയൊന്നും കൊടുക്കാൻ കഴിയുന്നില്ല. അതുകൊണ്ട് വിവിധ ഏജൻസികൾ നടത്തുന്ന ഹൗസിംഗ് സ്ക്കീമുകളിലെ തുകയെങ്കിലും ഏകീകരിക്കാനും വിവിധ ഏജൻസികളുടെ പദ്ധതികൾ ഏകോപിപ്പിച്ച് ഒരു പ്രധാനപ്പെട്ട പദ്ധതിയായി നടപ്പാക്കാനും ദുർബ്ബല ജനവിഭാഗങ്ങൾക്ക് വേണ്ടിയെങ്കിലും കൊടുക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, ഇത് കേന്ദ്ര ആസൂത്രണ കമ്മിഷന്റെയാണ് . പ്ലാനിംഗിന്റെയല്ല. Inherent ആയിട്ടുള്ള വീക്ക്നെസ് ആണ്. ഇവിടെ മാത്രമല്ല, പദ്ധതികളെല്ലാം ഡ്യൂപ്ളിക്കേഷനാണ്. ഏതു പദ്ധതിയെടുത്താലും ഡ്യൂപ്ളിക്കേഷൻ ഉണ്ട്. വിവിധ വകുപ്പുകൾ ചെയ്യുന്ന പദ്ധതികൾക്ക് കുറേശ്ശെ കുറേശ്ശെ രൂപ കൊടുക്കുന്നു. ഒരിടത്തും ഒന്നും എത്തുന്നില്ല. അതുകൊണ്ട് തീർച്ചയായിട്ടും പരിശോധിക്കേണ്ട വിഷയമാണിത്. കേന്ദ്ര പ്ളാനിംഗ് കമ്മിഷൻ ഇതു പരിശോധിക്കണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ.

ശ്രീ. കെ. മോഹൻ കുമാർ : സർ, ഭവന നിർമ്മാണ രംഗത്ത് പണിതീരാത്ത വീടുകളെക്കുറിച്ച് ഇവിടെ പരാമർശമുണ്ടായി. അതുപോലെ പാടെ തകരാറായ ധാരാളം വീടുകൾ കേരളത്തിൽ എല്ലാ പ്രദേശങ്ങളിലുമുണ്ട്. അത് വലിയൊരു സാമൂഹ്യ പ്രശ്നമാണ്. പദ്ധതികളില്ലെങ്കിൽ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. ഭവന നിർമ്മാണ സാമഗ്രികളുടെ വില ഒരു അനുപാതവുമില്ലാതെ വളരെ വലിയ തോതിൽ വില വർദ്ധിച്ചുവരികയാണ്. സംസ്ഥാന ഗവൺമെന്റ് കാര്യമായ ഒരു ഇടപെടൽ നടത്തി ഈ കാര്യത്തിൽ എന്തെങ്കിലും നിയന്ത്രണമുണ്ടാക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി : സർ, ഭവന നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവിനെ സംബന്ധിച്ച് ഭവന നിർമ്മാണ ബോർഡ് ഇടപെട്ട് അത് ഇഫക്ടീവായി കൺട്രോൾ ചെയ്യാൻ ഇപ്പോൾ കഴിയുമെന്ന് തോന്നുന്നില്ല. അത് നമ്മുടെ കൺട്രോളിൽപ്പെടുന്ന കാര്യങ്ങളല്ല. എന്നാൽ നിർമ്മിതിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ആഭിമുഖ്യത്തിൽ പ്രചരിപ്പിക്കുന്നുണ്ട്, കുറഞ്ഞ ചെലവിൽ വീടു നിർമ്മിക്കാൻ പറ്റിയ ഭവന നിർമ്മാണ സാമഗ്രികൾ ഉല്പാദിപ്പിക്കുന്നുണ്ട്. അങ്ങനെ ഉല്പാദിപ്പിക്കുന്ന കേന്ദ്രങ്ങൾക്ക് സഹായം കൊടുക്കുന്നുണ്ട്. അതുകൊണ്ട് നിർമ്മിതി സാങ്കേതിക വിദ്യ നമ്മൾ പ്രചരിപ്പിക്കുകയാണ് അതിന് ഏറ്റവും നല്ല പ്രതിവിധി.

ശ്രീ. പി. ജയരാജൻ : സർ, അണു കുടുംബങ്ങൾ വ്യാപകമായതോടുകൂടി വൃദ്ധരായവർ ആ കുടുംബങ്ങളിൽ ആട്ടും തുപ്പുമൊക്കെ സഹിച്ച് കഴിയേണ്ട ഒരവസ്ഥയാണ്. ഇങ്ങനെ കുടുംബങ്ങളിൽ നിന്നും ആശ്രയം കിട്ടാതെ വരുന്നവരെ അധിവസിപ്പിക്കാൻ ഭവന നിർമ്മാണ ബോർഡിൽ സോഷ്യൽ സർവ്വീസ് എന്നുള്ള നിലയിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, അമേരിക്കൻ സംസ്ക്കാരത്തിലേക്ക് നമ്മൾ മടങ്ങിപ്പോകണമോ എന്നുള്ളത് വേറെ കാര്യമാണ്. വൃദ്ധരായവരെ താമസിപ്പിക്കാൻവേണ്ടി വേറെ ചില ഷെൽറ്റേഴ്സുണ്ടാക്കി അവിടെക്കൊണ്ടാക്കുക, ക്രിസ്തുമസ്സും അതുപോലെ തന്നെ വിശേഷപ്പെട്ട ദിവസങ്ങളും വരുമ്പോൾ ഒരു ബൊക്കെ കൊടുത്തയയ്ക്കുക, ബെർത്ത്ഡെയ്ക്ക് ഒരു കാർഡ് കൊടുത്തയയ്ക്കുക എന്നുള്ള ആ സിസ്റ്റത്തിലേയ്ക്ക് പോകാതെ വൃദ്ധരായ മാതാപിതാക്കളുടെ മക്കളോടൊരുമിച്ചുള്ള താമസവും അവരുടെ പരിപാലനവുമൊക്കെ ചെയ്യുന്ന കേരളീയ സംസ്ക്കാരമാണ് നമുക്ക് വളർത്തിയെടുക്കേണ്ടത്. അതുകൊണ്ട് ഒന്നുകൂടി ഈ വിഷയം ആലോചിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഗ്രാമങ്ങളിലെ ഇരട്ട ലക്ഷം വീടുകളുടെ ശോചനീയാവസ്ഥയെപ്പറ്റി ചർച്ച നടന്നപ്പോൾ ഇരട്ട ലക്ഷം വീടുകൾ ഒറ്റ വീടുകളാക്കുന്ന നടപടി ഉടൻ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിരുന്നു. അതിനെ സംബന്ധിക്കുന്ന പ്രവർത്തനങ്ങൾ ഏതുവരെയായി ; ആയിട്ടില്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : അതിന് പ്രത്യേകം നോട്ടീസ് തരാതെ കൃത്യമായി മറുപടി പറയാൻ പറ്റില്ല.

ശ്രീ. പി. എസ്. സുപാൽ : സർ, മുൻ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ആരംഭിച്ച വളരെ മാതൃകാപരമായിട്ടുള്ള ഒരു പദ്ധതിയായിരുന്നു കൊല്ലം ജില്ലയിൽ നടപ്പിലാക്കിയ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി. അന്ന് പഞ്ചായത്തുകളെല്ലാം പണമടച്ചു. പക്ഷേ പുതിയ സർക്കാർ വന്നതിനുശേഷം ആദ്യം ഫിനാൻസ് വകുപ്പ് അതിന് ക്ലിയറൻസ് നൽകിയില്ല. അതുകൊണ്ടുതന്നെ കാലതാമസമുണ്ടായി, ഹഡ്കോ പിന്നീട് വായ്പ നൽകാത്ത സ്ഥിതിയുണ്ടായി. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയുമെല്ലാം പല അവസരത്തിലും ഇതുസംബന്ധിച്ച് സൂചിപ്പിച്ചതാണ്. ഉള്ള വീടുകൾ പൊളിച്ചിട്ട്

LIBRARY ARCHIVES Kerala Legislative Assembly

വളരെ ദയനീയമായ നിലയിൽ കിടക്കുന്ന ഒരു സ്ഥിതിയാണ് കൊല്ലം ജില്ലയെ സംബന്ധിച്ചിടത്തോളമുള്ളത്. അതുകൊണ്ട് ജില്ലാ പഞ്ചായത്ത് പ്രതിനിധികളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് അങ്ങും തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയും കൂടി ചേർന്നുകൊണ്ട് ഒരു മീറ്റിംഗ് വിളിച്ചുചേർത്ത് ഈ വിഷയത്തിൽ ഒരു പരിഹാരമുണ്ടാക്കാൻ ശ്രമിക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, അതിനെപ്പറ്റി പ്രത്യേകമായ ഒരു റെപ്രസെന്റേഷൻ തന്നാൽ, അതിന്റെ അടിസ്ഥാനത്തിൽ ജോയിന്റായി ഒരു കോൺഫറൻസ് നടത്താം.

ശ്രീ. എം. കുമാരൻ : സർ, കഴിഞ്ഞ ജൂൺ മാസത്തിൽ ഭവന നിർമ്മാണത്തെക്കുറിച്ച് ചർച്ച ചെയ്ത സമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് സംസാരിച്ചിരുന്നു. ലക്ഷം വീടു കോളനികളിലെ വീട് പുനർനിർമ്മിക്കാൻ വേണ്ടി ഈ ബഡ്ജറ്റിൽ ഫണ്ട് ഉൾപ്പെടുത്തിക്കൊണ്ട് ഭവന നിർമ്മാണ പദ്ധതി എത്രയുംപെട്ടെന്ന് നടപ്പിലാക്കുമെന്ന് പറഞ്ഞിരുന്നു. ആ പദ്ധതികൾ നടപ്പിലാക്കാൻ ഈ ബഡ്ജറ്റിലെങ്കിലും ഫണ്ട് ഉൾപ്പെടുത്തുമോ എന്നുള്ളതാണ് ഞങ്ങൾക്ക് അറിയാനുള്ളത് ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ഇത്തവണത്തെ ബഡ്ജറ്റിൽ, ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനത്തിൽ അതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഗവൺമെന്റ് പറഞ്ഞ വാഗ്ദാനം പാലിക്കും. ഈ വർഷം അതിന്റെ പ്രവർത്തനം ആരംഭിക്കാൻ പോവുകയാണ്.

പൊതു വസ്തുവകകളുടെ വാടക പുതുക്കി നിശ്ചയിക്കാൻ നടപടി

2 (*501) ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാട്ടത്തിന് നൽകുന്ന പൊതു വസ്തുവകകളുടെ വാടക എത്ര വർഷം കൂടുമ്പോഴാണ് പുതുക്കുന്നതെന്നും ഇത് സംബന്ധിച്ച മാനദണ്ഡങ്ങളെന്തെന്നും വിശദമാക്കുമോ ;

(ബി) ഏറ്റവും ഒടുവിൽ പൊതു വസ്തുവകകളുടെ വാടക പുതുക്കിയത് എന്നാണ് ;

(സി) വർഷങ്ങളായി പുതുക്കാതിരിക്കുന്ന പൊതു വസ്തുവകകളുടെ വാടക പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly